## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.945 — 11-07-2016 -ലെ മറുപടിക്ക്

### കർഷകർക്ക് പ്രഖ്യാപിച്ച നഷ്ടപരിഹാര തുക നൽകുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.കെ. ശശീന്ദ്രൻ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)** |
| എ) | 2013-14, 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ വയനാട്ടിലെ കർഷകർക്ക് കാലവർഷക്കെടുതി, വിളനാശം, വരൾച്ച എന്നിവയിൽ പ്രഖ്യാപിച്ച നഷ്ട പരിഹാര തുക എത്ര; | എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കാൻ കഴിയില്ല. ആശ്വാസ ധനസഹായമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നത്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ആകെ 46,88,01,756/- രൂപയുടെ അവകാശവാദം 2013-14, 2014-15, 2015-16 വർഷങ്ങളിൽ വയനാട് ജില്ലയിൽ ഉണ്ടായിരുന്നു. ആയതിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വരൾച്ച, വെള്ളപ്പൊക്ക കൃഷിനാശത്തിന് ആശ്വാസ ധനസഹായം നൽകുന്നതിനായി 2013-14 സാമ്പത്തിക വർഷം 13,36,74,818 രൂപയും, 2014-15 സാമ്പത്തിക വർഷം 6,61,50,000 രൂപയും 2015-16 സാമ്പത്തിക വർഷം 75,00,000 രൂപയും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. |
| ബി) | പ്രഖ്യാപിച്ച നഷ്ടപരിഹാര തുകയിൽ എത്ര വിതരണം ചെയ്തു; | ബി) | 20,73,24,818/- രൂപ (വിതരണം നടത്തിയ തുക) |
| സി) | ബാക്കി തുക നൽകുന്നതിനുള്ള തീരുമാനം സ്വീകരിക്കുമോ? | സി) | ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ